ചോദ്യോത്തരം

മുജീബ്

# മുസ്‌ലിം ലീഗും 'ജിന്നായിസ'വും

■ *"മൗദൂദിസം കേരളീയ മുസ്‌ലിം മനസ്സിന്റെ വളരെ ചെറിയൊരു ന്യൂനപക്ഷത്തെ മാത്രമാണ് സ്വാധീനിച്ചിട്ടുള്ളത് എന്നത് ശുഭോദർക്കമാണ്. സമകാലിക-പ്രാദേശിക യാഥാർഥ്യങ്ങളെ മനസ്സിലാക്കാത്തതുകൊണ്ട് 'ഗോൾവാൾക്കറിസം' വേരു പിടിക്കാത്തതുപോലെ ഈ ചിന്താധാരയും മലയാളമണ്ണിൽ പ്രബലമായില്ല. ജിന്നായിസത്തെ കൂട്ടുപിടിച്ചല്ല ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗ് സൈദ്ധാന്തിക തലത്തിലും പ്രായോഗികതലത്തിലും പ്രവർത്തിക്കുന്നത്. ലീഗ് സാമുദായിക രാഷ്ട്രീയമാണ് പറഞ്ഞത്. സാമുദായിക ശാക്തീകരണത്തിന്റെ ഭാഷയാണ് ഉപയോഗിച്ചത്. വിഭജനത്തിന്റേതല്ല. അവർ ജിന്നയെ താത്ത്വികാചാര്യനായോ സ്ഥാപകനായോ (മുസ്‌ലിം ലീഗിന്റെ സ്ഥാപകൻ ജിന്നയല്ലതാനും, ജിന്ന പിന്നീട് വന്ന നേതാവ് മാത്രമാണ്) കൊണ്ടു നടക്കുന്നുമില്ല. പ്രയോഗതലത്തിൽ മൗദൂദിസത്തിനെതിരായിരിക്കുമ്പോഴും തങ്ങളുടെ സൈദ്ധാന്തിക അടിത്തറ മൗദൂദിയാണെന്ന് ഭാവിക്കാതിരിക്കുകയാവും കേരളത്തിലെ ജമാഅത്തെ ഇസ്‌ലാമിയെ സംബന്ധിച്ചും സത്യസന്ധമാവുക. അല്ലാതെ, മൗദൂദിയെ മതേതര-ജനാധിപത്യവാദിയാക്കാനുള്ള ശ്രമങ്ങളെല്ലാം അബദ്ധകരമാകും. കാരണം അവക്കെതിരെ സാക്ഷി പറയുന്നത് മൗദൂദിതന്നെയാണ്" (സി.ടി അബ്ദുർറഹീം ചന്ദ്രിക ദിനപത്രം, ജൂലൈ 25). മുജീബ് എന്തു പറയുന്നു?*

***എ.പി മുഹമ്മദ് കോയ ശാന്തപുരം***

**1906** ഒക്ടോബറിൽ ധാക്കയിൽ ആൾ ഇന്ത്യാ മുസ്‌ലിം ലീഗിന് ബീജാവാപം ചെയ്തവർ ശിഈ ഇസ്മാഈലിയ്യ വിഭാഗത്തിന്റെ ആത്മീയ നേതാവ് സുൽത്താൻ മുഹമ്മദ് ഷാ ആഗാഖാൻ, യു.പിയിലെ നവാബ് മുഹ്സിനുൽ മുൽക്, മൗലവി മുശ്താഖ് ഹുസൈൻ തുടങ്ങിയവരാണെന്നും ലണ്ടനിൽ ബാരിസ്റ്ററായിരുന്ന മുഹമ്മദലി ജിന്ന മുസ്‌ലിം ലീഗുമായി സജീവമായി ബന്ധപ്പെടുന്നത് 1916-ലാണെന്നും അറിയാത്തവരല്ല ജമാഅത്തെ ഇസ്‌ലാമിക്കാർ. സാമുദായിക രാഷ്ട്രീയത്തിന്റെ ശക്തനായ വക്താവും പിൽക്കാലത്ത് ദ്വിരാഷ്ട്ര സിദ്ധാന്തത്തിന്റെ വക്താവും പ്രയോക്താവുമായിരുന്ന ജിന്നയെയും 'ജിന്നായിസം' എന്ന ഒന്നുണ്ടെങ്കിൽ അതിനെയും ഇന്ത്യൻ യൂനിയൻ മുസ്‌ലിം ലീഗ് നിരാകരിച്ചിട്ടുണ്ടെങ്കിൽ അത് പറയേണ്ടത് ജമാഅത്ത് വിരോധം മൂർഛിച്ചു ഞെരമ്പുരോഗമായി മാറിയപ്പോൾ അത് പ്രകടിപ്പിക്കാൻ മുസ്‌ലിം ലീഗ് വേദികളെയും കോളങ്ങളെയും ദുരുപയോഗപ്പെടുത്തുന്നവരല്ല. ലീഗിന്റെ ആധികാരിക നേതാക്കളും വക്താക്കളും ആണ്. ഇന്ത്യൻ യൂനിയൻ മുസ്‌ലിം ലീഗിന്റെ സ്ഥാപക പ്രസിഡന്റ് ഖാഇദെ മില്ലത്ത് മുഹമ്മദ് ഇസ്മാഈൽ സാഹിബ് മുതൽ നിലവിലെ പ്രസിഡന്റ് ഇ. അഹ്മദ് വരെയുള്ളവരാരും ജിന്നയെയോ 'ജിന്നായിസ'ത്തെയോ തള്ളിപ്പറഞ്ഞിട്ടില്ല; പറയണമെന്ന അഭിപ്രായവും ജമാഅത്തെ ഇസ്‌ലാമിക്കില്ല. ഓരോ കാലഘട്ടത്തിലെയും സമുദായസ്നേഹികൾ തങ്ങൾക്ക് ബോധ്യപ്പെട്ട രീതിയിൽ സമുദായത്തെ സംഘടിപ്പിക്കാനും നയിക്കാനും ഉദ്ധരിക്കാനും ശ്രമിക്കുന്നു. ഒരേ കാലത്ത് ഭിന്ന സരണികളും കൂട്ടായ്മകളും രൂപംകൊള്ളുന്നു. പരസ്പരം യോജിക്കുന്ന കാര്യങ്ങളിൽ അവർ സഹകരിക്കുന്നു. ഭിന്നാഭിപ്രായങ്ങൾ ശക്തമായും വസ്തുനിഷ്ഠമായും പ്രകടിപ്പിക്കുന്നു. ഇതൊക്കെ ചരിത്രത്തിന്റെ ഭാഗമായിരിക്കെ തങ്ങൾക്ക് വേണ്ടത് മാത്രം തെരഞ്ഞുപിടിച്ച് സന്ദർഭത്തിൽനിന്ന് അടർത്തിമാറ്റി എക്കാലത്തും ചരിത്രം വേട്ടയാടുന്ന സമൂഹമാക്കി മുസ്‌ലിംകളെ മാറ്റുകയുമല്ല പിൽക്കാലക്കാരുടെ ജോലി. ഒരു വിവരവും ഇല്ലാതെ പൂർവികരുടെ ഉദ്ദേശ്യശുദ്ധിയെ പോലും ചോദ്യം ചെയ്യുന്ന അപക്വവും ഉപരിപ്ലവവുമായ തങ്ങളുടെ അഭിപ്രായങ്ങളെ അപ്രമാദിത്വപരമായി അവതരിപ്പിക്കുന്നവർ സ്വയം പരിഹാസ്യരായിത്തീരുകയേ ഉള്ളൂ. മുസ്‌ലിം ലീഗിന്റെ ആധികാരിക ചരിത്രകാരനായി അറിയപ്പെടുന്ന എം.സി വടകര *മുസ്‌ലിം ലീഗ് നിലപാടുകളുടെ നീതിശാസ്ത്രം* എന്ന പേരിൽ രചിച്ച ഗ്രന്ഥത്തിൽ രേഖപ്പെടുത്തുന്നതിങ്ങനെ: "മതേതര സ്വഭാവത്തിൽനിന്ന് കോൺഗ്രസ്സും വ്യതിചലിക്കുന്നുവെന്ന് തോന്നിയപ്പോഴാണ് 1925ൽ മുഹമ്മദലി ജിന്ന കോൺഗ്രസ്സിനോട് വിടപറഞ്ഞത്. അത് മുതൽ മറ്റു മതക്കാരിൽ വിദ്വേഷം ജനിപ്പിക്കാതെ മുസ്‌ലിം സമുദായത്തിന്റെ അവശതകൾ പരിഹരിക്കാനുള്ള പരിശ്രമങ്ങളാണ് മുസ്‌ലിം ലീഗ് ചെയ്തുവന്നത്. സ്വാതന്ത്ര്യത്തിന് ശേഷം ഇന്ത്യൻ യൂനിയൻ മുസ്‌ലിം ലീഗും ഇതേ സരണിയിലൂടെ തന്നെ സഞ്ചരിച്ചു" (പേജ് 33,34).

1962 ആഗസ്റ്റ് 12-ന് പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ വസതിയിൽ വെച്ച് മുസ്‌ലിം ലീഗ് പ്രസിഡന്റ് മുഹമ്മദ് ഇസ്മാഈൽ സാഹിബ് ഒരു ചോദ്യത്തിന് നൽകിയ മറുപടി ഇതായിരുന്നു:

"ചോദ്യം: മുസ്‌ലിംലീഗാണ് വിഭജനത്തിന് ഉത്തരവാദി. അതുകൊണ്ട് അതിവിടെ തുടരാൻ അനുവദിച്ചുകൂടാ എന്നൊരു മനോഭാവം ഇവിടെയുണ്ട്. അതേക്കുറിച്ച് താങ്കൾ എന്തു പറയുന്നു?

ഇസ്മാഈൽ സാഹിബ്: മുസ്‌ലിം ലീഗല്ല വിഭജനത്തിന് ഉത്തരവാദി എന്ന് ഞാൻ പറയുന്നു. ഏകീകൃത ഇന്ത്യക്കും അതിന്റെ സ്വാതന്ത്ര്യത്തിനും വേണ്ടിയാണ് ദശകങ്ങളോളം മുസ്‌ലിം ലീഗ് പോരാടിയിട്ടുള്ളത്. 1938-ൽ മുസ്‌ലിം ഭൂരിപക്ഷ പ്രദേശങ്ങൾ കൂട്ടിച്ചേർത്തു ഒരു മുസ്‌ലിം രാഷ്ട്രം രൂപീകരിക്കണമെന്നുള്ള അഭിപ്രായം പൊന്തിവന്നപ്പോൾ അത്തരം സാങ്കൽപിക നിർദേശങ്ങൾ പ്രായോഗിക രാഷ്ട്രീയത്തിന് നിരക്കുന്നതല്ല എന്ന് പറഞ്ഞുകൊണ്ട് മുസ്‌ലിം ലീഗും അതിന്റെ നേതാക്കളും ആ നിർദേശം തിരസ്കരിക്കുകയാണ് ചെയ്തത്. മാത്രമല്ല, അതിന് ശേഷം നാടിന്റെ ഐക്യത്തിനുവേണ്ടിയാണ് മുസ്‌ലിം ലീഗ് തുടർന്ന് പ്രവർത്തിച്ചുവന്നത്" (പേജ് 35). അപ്പോൾ ഇന്ത്യൻ യൂനിയൻ മുസ്‌ലിം ലീഗ് 'ജിന്നായിസം' കൈയൊഴിഞ്ഞതോ, പിന്തുടർന്നതോ? ജിന്നായിസമാണ് വിഭജനത്തിലേക്ക് നയിച്ചതെന്ന് ലീഗ്നേതൃത്വം സമ്മതിക്കുമോ?

മൗദൂദിയിലും ജമാഅത്തെ ഇസ്‌ലാമിയിലും നാഴികക്ക് നാൽപതുവട്ടം മതരാഷ്ട്രവാദം ആരോപിക്കുന്ന ലേഖകൻ കണ്ണ് തുറന്നു കാണേണ്ട ഒരു ഭാഗം കൂടിയുണ്ട് ഇസ്മാഈൽ സാഹിബിന്റെ മറുപടിയിൽ:

"ചോദ്യം: നിങ്ങളെന്തിന് രാഷ്ട്രീയത്തെ മതത്തിലേക്ക് വലിച്ചിഴക്കുന്നു?

ഇസ്മാഈൽ സാഹിബ്: ഞങ്ങളങ്ങനെ ചെയ്യുന്നില്ല. എന്നാൽ ജീവിതത്തിന്റെ എല്ലാ വശങ്ങളിലും മതം കലർന്നിട്ടുണ്ട്. നിങ്ങൾ ഒരു മതവിശ്വാസിയാണെങ്കിൽ നിങ്ങളുടെ ജീവിതത്തിലെ ഒരു ഭാഗത്തുനിന്നും മതത്തെ വേർതിരിക്കാൻ നിങ്ങൾക്ക് കഴിയില്ല. ഇസ്‌ലാമിനെ സംബന്ധിച്ചേടത്തോളം മതം പൂർണമായൊരു ജീവിതരീതിയാണ്. ജീവിതത്തിന്റെ ഒരു ഭാഗത്തുനിന്നും അതിനെ വേർതിരിച്ചു നിർത്താൻ കഴിയില്ല. രാഷ്ട്രീയത്തിൽനിന്ന് ഒരിക്കലും സാധ്യമല്ല. രാഷ്ട്രീയം ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും പ്രവേശിപ്പിക്കുന്ന ഒരു സ്വതന്ത്ര ജനാധിപത്യ രാഷ്ട്രത്തിൽ പ്രത്യേകിച്ചും. മതാചാരങ്ങളോട് ബന്ധപ്പെട്ട മതേതര പ്രവർത്തനങ്ങളെക്കുറിച്ച് പറയുമ്പോൾ രാഷ്ട്രത്തിന്റെ ഭരണഘടന ഈ വസ്തുത സമ്മതിക്കുന്നുണ്ട്. മഹാത്മാഗാന്ധി തന്റെ ആത്മകഥയിൽ പറഞ്ഞത് നോക്കുക: 'അതുകൊണ്ടാണ് സത്യത്തോടുള്ള എന്റെ ഭക്തി രാഷ്ട്രീയരംഗത്തേക്ക് തിരിഞ്ഞത്. മതത്തിന് രാഷ്ട്രീയത്തിൽ യാതൊരു കാര്യവുമില്ലെന്ന് പറയുന്നവർക്ക് മതമെന്താണെന്ന് അറിഞ്ഞുകൂടായെന്ന് യാതൊരു സങ്കോചവുമില്ലാതെ വിനയപൂർവം ഞാൻ പറയും' എന്നാണദ്ദേഹം പറഞ്ഞത്" (അതേ പുസ്തകം, പേജ് 36). എങ്ങനെയുണ്ട് ഖാഇദെ മില്ലത്തിന്റെയും ഗാന്ധിജിയുടെയും മൗദൂദിസം? ബുദ്ധിയും വിവരവുമുള്ള മഹാത്മാക്കൾ അംഗീകരിച്ച ജീവിതവീക്ഷണം ജമാഅത്തെ ഇസ്‌ലാമി തള്ളിപ്പറയണമത്രെ. ആർക്ക് വേണ്ടി, എന്തിനു വേണ്ടി? ഇത്തരം മതേതര പിന്തുണക്കാരിൽനിന്ന് പടച്ചവൻ മുസ്‌ലിം ലീഗിനെ രക്ഷിക്കട്ടെ! 'മൗദൂദിസം വളരെ ചെറിയൊരു ന്യൂനപക്ഷത്തെ മാത്രം' സ്വാധീനിച്ചതുകൊണ്ടാവും ഇവരുടെ ആക്രമണശേഷി മുഴുവനും ജമാഅത്തിനു നേരെ തിരിച്ചുവിട്ടതും അതിനായി 'മാനവികവേദി' പോലുള്ള കോപ്രായങ്ങൾ പടച്ചുണ്ടാക്കിയതും.

## മൗദൂദിയുടെ ജന്മഗേഹം

■ *"വിഭജനത്തോടെ പാകിസ്താനിലായ മൗദൂദി എന്നാണ് ലേഖകൻ പറയുന്നത്. പാകിസ്താനിൽ ആയതല്ല അങ്ങോട്ട് പോയതാണ് എന്നതത്രേ ശരി. ജനിച്ചുവളർന്ന നാട്ടിൽതന്നെയാണ് അവസാനശ്വാസം വരെയും ജമാഅത്തെ ഇസ്‌ലാമിക്കാർ പ്രവർത്തിക്കേണ്ടതെന്നും മുങ്ങാൻ പോകുന്ന കപ്പലിനെ രക്ഷിക്കാനായി അവസാനനിമിഷം വരെയും പരിശ്രമിക്കുകയും കപ്പൽ വിട്ടുപോകുന്നവരിൽ അവസാനത്തെ ആളാകുകയും ചെയ്യുന്ന ധീരനായ കപ്പിത്താനെപ്പോലെയായിരിക്കണം ഇക്കാര്യത്തിൽ അവരെന്നും മദിരാശിയിൽ വെച്ച് 1947 ഏപ്രിലിൽ ഇന്ത്യയിലെ ജമാഅത്തെ ഇസ്‌ലാമിക്കാരെ ഉദ്ബോധിപ്പിച്ച മൗദൂദി ആദ്യത്തെ വണ്ടി പിടിച്ച് ജന്മഗേഹമായ പത്താൻകോട്ടിൽനിന്ന് പാകിസ്താനിലേക്ക് പോകുകയാണ് ചെയ്തത്. പത്താൻകോട്ട് ഇപ്പോഴും ഇന്ത്യയിലാണുള്ളത്. പത്താൻകോട്ടിൽ വെച്ചാണ് മൗദൂദി ജമാഅത്തെ ഇസ്‌ലാമി സ്ഥാപിക്കുന്നത്. പക്ഷേ, സ്ഥാപകൻ സ്വന്തം വാക്കുകൾ വിഴുങ്ങി സ്ഥലം കാലിയാക്കി" ('മതരാഷ്ട്രവാദികളുടെ പുരോഗമനനാട്യങ്ങൾ' എം.കെ മുനീർ, 3.7.2009* ചന്ദ്രിക *ദിനപത്രം). മുജീബിന്റെ പ്രതികരണം?*

***ഗദ്ദാഫി വേങ്ങര***

**സ**യ്യിദ് അബുൽ അഅ്ലാ മൗദൂദി പഠാൻകോട്ടിലല്ല 1903 സെപ്റ്റംബർ 25ന് ഔറംഗാബാദിലാണ് ജനിച്ചത്. അദ്ദേഹം ദൽഹിയിലും ഔറംഗാബാദിലും ഭോപാലിലും ഹൈദറാബാദിലുമായി ജീവിച്ചു. 1938-ൽ അദ്ദേഹം അല്ലാമാ ഇഖ്ബാലിന്റെ ക്ഷണപ്രകാരം ലാഹോറിലേക്ക് കുടിയേറി. 1941 ആഗസ്റ്റ് 26ന് ലാഹോറിലാണ് ജമാഅത്തെ ഇസ്‌ലാമി രൂപവത്കരിക്കപ്പെട്ടത്, പഠാൻകോട്ടിലല്ല. 1943-ൽ പഠാൻകോട്ടിലെ ദാറുൽ ഇസ്‌ലാമിലേക്ക് ആസ്ഥാനം മാറ്റുകയായിരുന്നു. വിഭജന വേളയിലെ വർഗീയകലാപങ്ങൾ കൊടുമ്പിരികൊണ്ട പഞ്ചാബിലാണ് പഠാൻകോട്ട്. അധികൃതകരുടെ നിർദേശപ്രകാരം അദ്ദേഹവും സഹപ്രവർത്തകരും 1947 ആഗസ്റ്റ് 28-ന് ലാഹോറിലേക്ക് മടങ്ങി (*മൗദൂദി തോട്ട് ആന്റ് മൂവ്മെന്റ്*- സയ്യിദ് അസ്അദ് ഗീലാനി, അഞ്ചാം പതിപ്പ് 1978). മൗദൂദി കലാപത്തിൽ കൊല്ലപ്പെട്ടിരുന്നെങ്കിൽ എന്ന് ആഗ്രഹിക്കുന്നവരുടെ മനോഗതം മനസ്സിലാക്കാനാവും.

## ഇസ്‌ലാമും ദത്തെടുക്കലും

■ *ഇന്ത്യയിൽ ദത്തെടുക്കലിന് ഒരു ഏകീകൃത നിയമമില്ല. ഹിന്ദു, ബുദ്ധ, സിഖ്, ജൈന സമുദായത്തിൽപെട്ടവർക്ക് ഹിന്ദു അഡാപ്ഷൻ ആന്റ് മെയിന്റിനൻസ് ആക്ട് അനുസരിച്ച് ദത്തെടുക്കാം. മറ്റുള്ളവർക്ക് ജുവനൈൽ ജസ്റ്റിസ് ആക്ടും ഗാർഡിയൻ ആന്റ് വാർഡ്സ് ആക്ടും അനുസരിച്ച് ദത്തെടുക്കാം. ആദ്യകാലത്ത് മുസ്‌ലിംകൾക്ക് ഗാർഡിയൻ ആന്റ് വാർഡ്സ് ആക്ട് പ്രകാരം രക്ഷാകർതൃത്വത്തിനേ അവകാശമുണ്ടായിരുന്നുള്ളൂ. എന്നാൽ ഇന്ന് സ്ഥിതി മാറി. ജെ.ജെ ആക്ട് 2006-ലെ ഭേദഗതി പ്രകാരം ജില്ലാ കോടതിയിൽനിന്ന് ഉത്തരവ് വാങ്ങി മുസ്‌ലിംകൾക്ക് ദത്തെടുക്കാം. പക്ഷേ ദത്തെടുക്കുന്ന മുസ്‌ലിം കുടുംബങ്ങൾ കുറവാണ്. ശരീഅത്ത് നിയമത്തിലെ വ്യവസ്ഥകളാണ് ഇതിന് കാരണം. ശരീഅത്ത് പ്രകാരം ദത്തെടുക്കുന്ന കുട്ടിയെ സ്വന്തം കുട്ടിയായി പരിഗണിക്കാൻ പാടില്ല. അനന്തരാവകാശിയായി കണക്കാക്കാനാവില്ല. ദത്തെടുത്തവർ കുട്ടിയുടെ പേരിൽ എഴുതിവെക്കുന്ന സ്വത്തു മാത്രമേ കുട്ടിക്ക് കിട്ടൂ. എന്നാൽ, മറ്റു വിഭാഗങ്ങളുടെ കാര്യത്തിൽ, പാരമ്പര്യ സ്വത്തിൽ ദത്ത് കുട്ടിക്ക് അവകാശമുണ്ട്. ഈ സ്ഥിതിക്ക് എത്രയും വേഗം മാറ്റമു*

*ണ്ടാക്കണമെന്ന് സാമൂഹിക പ്രവർത്തകയും 'നിസ'യുടെ അധ്യക്ഷയുമായ വി.പി സുഹ്‌റ പറയുന്നു* (മാതൃഭൂമി *ദിനപത്രം 2009 ജൂലൈ 8). മുജീബിന്റെ പ്രതികരണം?*

***അഡ്വ. ഒ ഹാരിസ് കായംകുളം***

**'ഒ**രു മനുഷ്യനും ഉള്ളിൽ രണ്ട് ഹൃദയങ്ങൾ അല്ലാഹു ഉണ്ടാക്കിയിട്ടില്ല. നിങ്ങൾ 'ളിഹാർ' നടത്തുന്ന നിങ്ങളുടെ ഭാര്യമാരെ നിങ്ങളുടെ മാതാക്കളും ആക്കിയിട്ടില്ല. നിങ്ങളുടെ ദത്ത് മക്കളെ നിങ്ങളുടെ മക്കളാക്കുകയും ചെയ്തിട്ടില്ല. അതൊക്കെയും നിങ്ങളുടെ വായ്ത്താരികൾ മാത്രമാണ്. അല്ലാഹു സത്യം പറയുന്നു; അവൻ നേർവഴി കാട്ടിത്തരികയും ചെയ്യുന്നു. ദത്ത് മക്കളെ അവരുടെ പിതാക്കളിലേക്ക് ചേർത്തു വിളിക്കുക. അതാണ് അല്ലാഹുവിങ്കൽ ഏറ്റവും നീതി...' (33:4,5). ഈ ഖുർആൻ സൂക്തങ്ങളിലൂടെ ദത്ത് സമ്പ്രദായം ഇസ്‌ലാം അവസാനിപ്പിച്ചു. മുഹമ്മദ് നബി(സ)യുടെ ദത്ത് പുത്രനായിരുന്ന സൈദുബിൻ ഹാരിസയുടെ ദത്ത് പദവി പ്രവാചകൻ നിർത്തലാക്കുകയും ചെയ്തു. അന്നു മുതൽ ഇന്നുവരെ അതാണ് ഇസ്‌ലാമിക ശരീഅത്ത്. നിങ്ങൾക്ക് ആരെ വേണമെങ്കിലും ഏറ്റെടുത്തു സംരക്ഷിക്കാം, വളർത്താം, വസിയ്യത്ത് വഴി മൂന്നിലൊന്നുവരെ സ്വത്തവകാശവും നൽകാം. അതൊന്നും ഇസ്‌ലാം വിലക്കിയിട്ടില്ല. എന്നാൽ ആരാന്റെ മക്കൾ തന്റേതാണെന്ന് ഭാവിക്കുകയും രേഖപ്പെടുത്തുകയും പ്രഖ്യാപിക്കുകയും ചെയ്യരുത്. അത് തനിവ്യാജമാണ്. വ്യാജത്തിന് ഇസ്‌ലാം കൂട്ടില്ല. ഇതൊക്കെ അംഗീകരിക്കുന്നവർക്ക് ഇസ്‌ലാമിൽ തുടരാം. അല്ലാത്തവർക്ക് അത് ഉപേക്ഷിച്ച് പോവാൻ ആരും തടസ്സമല്ല. ദത്ത് നിയമം ആരുടെ മേലും അടിച്ചേൽപിക്കാൻ ജനാധിപത്യ ഭരണഘടന അനുവദിക്കുന്നുമില്ല. ദത്തെടുക്കലിന്റെ പേരിൽ വ്യാപകമായ കുട്ടിക്കടത്തും മക്കൾ വിൽപനയും കണ്ടില്ലെന്ന് നടിക്കുകയാണ് ശരീഅത്ത് വിരോധികൾ.

## ചേരമാൻ പെരുമാൾ

■ *".... തിരുന്നാവായ മണൽപ്പുറത്ത് നിന്നാണ് ചേരമാൻ പെരുമാൾ മക്കത്തിന് പോയതെന്ന കഥ സംശയാസ്പദമാണ്. അറുപത്തിമൂന്ന് നായന്മാർ എന്ന ശൈവസിദ്ധന്മാരിൽ പേരെടുത്ത ഒരാളാണ് അദ്ദേഹം. ശെക്കിഴാരുടെ 'പെരിയപുരാണം' എന്ന ശൈവ സിദ്ധന്മാരുടെ ചരിത്രം ഉൾക്കൊള്ളുന്ന മഹാഗ്രന്ഥത്തിൽ അദ്ദേഹത്തിന്റെ മഹാത്മ്യവും സുന്ദരമൂർത്തി നായനാർ എന്ന വിശ്രുതനായ സിദ്ധനുമായുള്ള സൗഹൃദവും വർണിക്കുന്നു. ചേരമാൻ പെരുമാൾ തമിഴിൽ രചിച്ച 'പാടകൾ' 'തേവാരം' എന്ന ശൈവസങ്കീർത്തന സമാഹാരത്തിലുണ്ട്. 'തേവാരം' തമിഴ് ഭാഷയിലെ ഏറ്റവും പ്രമുഖമായ സ്തോത്ര സമാഹാരമാണ്. ഈ വിധത്തിലെല്ലാം പ്രസിദ്ധനായ ചേരമാൻ പെരുമാൾ എന്ന ശൈവസിദ്ധൻ ഹിന്ദുമതം കൈവെടിഞ്ഞു മക്കത്തു പോയി എന്നു വിശ്വസിക്കാൻ പ്രയാസം തോന്നുന്നു (ബുദ്ധമതത്തിലേക്കോ ജൈനമതത്തിലേക്കോ- രണ്ടും ഭാരതീയമാണ്, ഒരുകാലത്ത് ദക്ഷിണേന്ത്യയിൽ പ്രചരിച്ചിരുന്നവയുമാണ്- പരിവർത്തനം ചെയ്തു എന്ന അഭിപ്രായത്തിന് കുറേ കൂടി സാധ്യത കാണുന്നു)"* (കേരളശബ്ദം *2009 ജൂൺ 28, മുൻ ചീഫ് സെക്രട്ടറി സി.പി നായരുടെ സർവീസ് സ്റ്റോറി-26- എന്തരൊ മഹാനുഭാവുലു).*

*യഥാർഥത്തിൽ ചേരമാൻ പെരുമാളിന്റെ ഇസ്‌ലാം ആശ്ലേഷവും മക്കാ യാത്രയും സംബന്ധിച്ച ചരിത്രം എന്താണ്? ആധികാരികമായി വല്ല തെളിവും ഉണ്ടോ?*

***സിയാസുദ്ദീൻ ബിൻ ഹംസ***

**യേ**ശുവിന് മുമ്പ് ദക്ഷിണേന്ത്യ ഭരിച്ചിരുന്ന മൂന്നു രാജവംശങ്ങൾ പാണ്ഡ്യ, ചോള, ചേര എന്നിവയായിരുന്നു എന്ന് ഇന്ത്യാ ചരിത്രം രേഖപ്പെടുത്തുന്നു. ഇവയിൽ കൊടുങ്ങല്ലൂർ അടങ്ങിയ കേരളീയ തീരപ്രദേശം ഭരിച്ചിരുന്ന നാടുവാഴികളാണ് ചേരന്മാർ എന്ന പേരിൽ അറിയപ്പെടുന്നത്. അവരിൽ അവസാന രാജാവായിരുന്ന പെരുമാൾ സിലോണിലേക്ക് (അന്നത്തെ പേര് സറന്ദീപ്) പോവുന്ന അറബിക്കച്ചവട സംഘത്തിൽനിന്ന് പ്രവാചക നിയോഗത്തെക്കുറിച്ച് കേട്ടറിഞ്ഞ് രാജ്യഭരണം കുടുംബാംഗങ്ങളെ ഏൽപിച്ച ശേഷം തിരുമേനിയെ സന്ദർശിക്കാൻ മദീനയിലേക്ക് പോയി മുസ്‌ലിമായി കപ്പലിൽ തിരിച്ചുവരവെ ഒമാനിലെ ജഫാറിലിറങ്ങി അവിടെ നിര്യാതനായി എന്നാണ് പ്രചാരത്തിലുള്ള കഥ. അദ്ദേഹത്തിന്റേതെന്ന് കരുതപ്പെടുന്ന മഖ്ബറ ഇപ്പോഴും ഒമാനിലെ സലാലയിൽ സഞ്ചാരികളെ ആകർഷിക്കുന്നു. രാജാവിന്റെ പേരോ കാലമോ പറയാതെ സംഭവം ശൈഖ് സൈനുദ്ദീൻ (ചരമം ഹിജ്റ 909) തന്റെ *തുഹ്ഫത്തുൽ മുജാഹിദീനിൽ* രേഖപ്പെടുത്തിയിട്ടുണ്ട്. ഫാരിശ്ത എന്ന തൂലികാനാമത്തിൽ പ്രസിദ്ധനായ ഉത്തരേന്ത്യൻ ചരിത്രകാരൻ മുഹമ്മദ് ഖാസിമുൽ ബീജാപൂരിയും *ഗുൽസാറെ ഇബ്റാഹീമി* എന്ന കൃതിയിൽ ഇത് പ്രതിപാദിച്ചിരിക്കുന്നു. ഗവേഷകനായ ഡോ. താരാചന്ദും ഈ സംഭവം ഉദ്ധരിച്ചിരിക്കുന്നു. അബൂസഈദിൽ ഖുദ്‌രി(റ)യിൽനിന്ന് ഇമാം ഹാകിം *മുസ്തദ്റകിൽ* ഉദ്ധരിച്ച ഹദീസിൽ ഇന്ത്യക്കാരനായ രാജാവ് നബിതിരുമേനിക്ക് ഒരു പാത്രത്തിൽ ഇഞ്ചി സമ്മാനിച്ചതായും തിരുമേനി അതിൽനിന്ന് ഒരു കഷ്ണം എടുത്ത ശേഷം ബാക്കി ശിഷ്യർക്ക് നൽകിയതായും കാണാം. പക്ഷേ ഹദീസിൽ രാജാവിന്റെ പേരില്ല. പ്രഫസർ Keil Horn ചേരരാജാക്കന്മാരുടെ കാലത്തെ 200 ശിലാഫലകങ്ങൾ പരിശോധിച്ച ശേഷം എത്തിച്ചേർന്ന നിഗമനവും അവസാന ചേര ചക്രവർത്തി ചേരമാൻ പെരുമാളുടെ ഇസ്‌ലാമാശ്ലേഷത്തെ ശരിവെക്കുന്നു. എന്നാൽ ചരിത്രകാരന്മാർക്ക് ഭിന്നാഭിപ്രായങ്ങളുള്ള ഈ വിഷയത്തിൽ ഖണ്ഡിത തീരുമാനം എളുപ്പമല്ല. അതേസമയം പാടെ നിരാകരിക്കപ്പെടാൻ മാത്രം ദുർബലവുമല്ല പെരുമാളുടെ ഇസ്‌ലാമാശ്ലേഷ വാർത്ത (വിശദപഠനത്തിന് ഡോ. മുഹ്‌യിദ്ദീൻ ആലുവായിയുടെ *അദ്ദഅ്‌വൽ ഇസ്‌ലാമിയ്യ വതത്വവ്വുറുഹാ ഫീ ശിബ്ഹിൽ ഖാർറ അൽ ഹിന്ദിയ്യ*-ദാറുൽഖലം, ദമസ്കസ് നോക്കുക). ■